# ഓസ്ട്രേലിയ എന്ന വൻമരം വീണു

**കിങ്സ്ടൗൺ (സെന്റ് വിൻസന്റ്):** ഓസ്ട്രേലിയയ്ക്കെതിരായ ടി20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ എട്ട് മത്സരത്തിൽ അഫ്ഗാനിസ്ഥാന് 21 റണ്ണിന്റെ അട്ടിമറി ജയം. ഗ്രൂപ്പ് വൺ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത അഫ്ഗാൻ ആറ് വിക്കറ്റിന് 148 റണ്ണെടുത്തു. മറുപടി ബാറ്റ് ചെയ്ത ഓസ്ട്രേലിയ 19.2 ഓവറിൽ 127 റണ്ണിന് ഓൾഔട്ടായി.

അഫ്ഗാൻ ആദ്യമായാണ് ഓസ്ട്രേലിയയെ തോൽപ്പിക്കുന്നത്. നാല് ഓവറിൽ 20 റൺ വഴങ്ങി നാല് വിക്കറ്റെടുത്ത ഗുൽബാദിൻ നായിബും മൂന്ന് വിക്കറ്റെടുത്ത നവീൻ ഉൾ ഹഖുമാണ് ഓസീസിനെ തകർത്തത്. അസ്മത്തുള്ള ഒമർസായ്, മുഹമ്മദ് നബി, നായകൻ റാഷിദ് ഖാൻ എന്നിവർ ഒരു വിക്കറ്റ് വീതവുമെടുത്തു. തോറ്റാൽ പുറത്താകുമെന്നതിനാൽ അഫ്ഗാൻ മരണക്കളി പുറത്തെടുത്തു. അട്ടിമറി ജയത്തോടെ അഫ്ഗാൻ സെമി ഫൈനൽ സാധ്യതകളും സജീവമാക്കി.

ഇന്നലെ അർണോസ് വെയ്ൽ ഗ്രൗണ്ടിൽ ടോസ് നേടിയ ഓസീസ് നായകൻ മിച്ചൽ മാർഷ് ബംഗ്ലാദേശിനെ ആദ്യം ബാറ്റ് ചെയ്യാൻ വിട്ടു. ഓപ്പണർമാരായ റഹ്മത്തുള്ള ഗുർബാസ് (49 പന്തിൽ നാല് സിക്സറും നാല് ഫോറുമടക്കം 60), ഇബ്രാഹിം സാദ്രാൻ (48 പന്തിൽ ആറ് ഫോറുകളടക്കം 51) എന്നിവരുടെ അർധ സെഞ്ചുറികൾ അഫ്ഗാന് മികച്ച തടക്കം നൽകി. ഓപ്പണിങ് കൂട്ടുകെട്ട് 118 റണ്ണെടുത്താണു പിരിഞ്ഞത്. അവർ 45 പന്തിൽ 50 റണ്ണും 80 പന്തിൽ 100 റണ്ണും കുറിച്ചു. 44 പന്തിലാണു ഗുർബാസ് 50 കടന്നത്. സാദ്രാൻ 46 പന്തിലാണ് അർധ സെഞ്ചുറി കുറിച്ചത്.

16–ാം ഓവറിൽ മാർനസ് സ്റ്റോനിസ് ഗുർബാസിനെ ഡേവിഡ് വാർണറിന്റെ കൈയിലെത്തിച്ചു. അതോടെ അഫ്ഗാന്റെ വിക്കറ്റ് കൊഴിച്ചിൽ തുടങ്ങി. അസ്മത്തുള്ള ഒമർസായ് (രണ്ട്), സാദ്രാൻ എന്നിവരെ ആഡം സാംപ ഒരേ ഓവറിൽ പുറത്താക്കി. നായകൻ റാഷിദ് ഖാനെ (രണ്ട്) 18 –ാം ഓവറിലെ അവസാന പന്തിൽ പുറത്താക്കിയ പാറ്റ് കമ്മിൻസ് അവസാന ഓവറിലെ ആദ്യ പന്തിൽ കരിം ജന്നത് (ഒൻപത് പന്തിൽ 13), അടുത്ത പന്തിൽ ഗുൽബാദിൻ നായിബ് (0) എന്നിവരെയും പുറത്താക്കി ഹാട്രിക്ക് കുറിച്ചു. തുടർച്ചയായ രണ്ടാം മത്സരത്തിലാണു പാറ്റ് കമ്മിൻസ് ഹാട്രിക്കടിക്കുന്നത്.

കമ്മിൻസ് മൂന്ന് വിക്കറ്റും സാംപ രണ്ട് വിക്കറ്റും മാർകസ് സ്റ്റോനിസ് ഒരു വിക്കറ്റുമെടുത്തു. മറുപടി ബാറ്റ് ചെയ്ത ഓസീസിന് നവീൻ ഉൾ ഹഖ് എറിഞ്ഞ ആദ്യ ഓവറിൽ തന്നെ ട്രാവിസ് ഹെഡിനെ (0) നഷ്ടപ്പെട്ടു. ഹഖിന്റെ ഔട്ട് സ്വിങർ ഹെഡിന്റെ മിഡിൽ സ്റ്റമ്പ് തകർത്തു. നായകൻ മിച്ചൽ മാർഷിനെയും (ഒൻപത് പന്തിൽ 12) നവീൻ ഉൾ ഹഖ് മുഹമ്മദ നബിയുടെ കൈയിലെത്തിച്ചു. മെല്ലെപ്പോയ ഡേവിഡ് വാർണറും (എട്ട് പന്തിൽ മൂന്ന്) വൈകാതെ മടങ്ങി. മുഹമ്മദ് നബിയുടെ പന്തിൽ നൂർ അഹമ്മദ് പിടിച്ചാണു വാർണർ പുറത്തായത്. അതോടെ ഓസീസ് മൂന്നിന് 32 റണ്ണെന്ന നിലയിലായി. അവർ അപ്പോഴും ജയിക്കുമെന്ന വിശ്വാസത്തിലായിരുന്നു. മാർകസ് സ്റ്റോനിസും (17 പന്തിൽ 11) ഗ്ലെൻ മാക്സ്വെല്ലും (41 പന്തിൽ മൂന്ന് സിക്സറും ആറ് ഫോറുമടക്കം 59) മികച്ച കൂട്ടുകെട്ടുമായി ഓസീസിനെ കരകയറ്റാൻ ശ്രമിച്ചു. സ്റ്റോനിസിനെ നായിബിന്റെ പന്തിൽ വിക്കറ്റ് കീപ്പർ റഹ്മത്തുള്ള ഗുർബാസ് പിടികൂടി. 35 പന്തിൽ അർധ സെഞ്ചുറി നേടിയ മാക്സ്വെല്ലിന്റെ സാന്നിധ്യം ഓസീസിന്റെ പ്രതീക്ഷ നിലനിർത്തി. ടിം ഡേവിഡിനു (രണ്ട്) പിന്നാലെ മാക്സ്വെല്ലിനെയും നായിബ് പുറത്താക്കിയതോടെ കളി അഫ്ഗാൻ പക്ഷത്തേക്കു മാറി. മാത്യു വേഡ് (അഞ്ച്), പാറ്റ് കമ്മിൻസ് (മൂന്ന്), ആഷ്ടൺ ആഗർ (രണ്ട്), ആഡം സാംപ (ഒൻപത്) എന്നിവരും കീഴടങ്ങിയതോടെ അഫ്ഗാൻ ചരിത്ര ജയം കുറിച്ചു. മികച്ച ബൗളിങ് പുറത്തെടുത്ത നായിബാണു മത്സരത്തിലെ താരം.

# അപൂർവ താരം

**കിങ്സ്ടൗൺ (സെന്റ് വിൻസന്റ്):** അഫ്ഗാനിസ്ഥാനെതിരായ മത്സരത്തോടെ ഓസ്ട്രേലിയൻ പേസർ പാറ്റ് കമ്മിൻസ് ഒരു അപൂർവ റെക്കോഡും കുറിച്ചു.

പുരുഷൻമാരുടെ ടി20 ക്രിക്കറ്റ് ലോകകപ്പിൽ തുടരെ ഹാട്രിക്കടിക്കുന്ന ആദ്യ താരമാണു കമ്മിൻസ്. അഫ്ഗാന്റെ റാഷിദ് ഖാൻ, കരിം ജന്നത്ത്, ഗുൽബാദിൻ നായിബ് എന്നിവരെയാണു കമ്മിൻസ് അടുത്തടുത്ത പന്തുകളിൽ പുറത്താക്കിയത്. ബംഗ്ലാദേശിനെതിരേ നടന്ന കഴിഞ്ഞ മത്സരത്തിലും കമ്മിൻസ് ഹാട്രിക്ക് വിക്കറ്റെടുത്തിരുന്നു.

മഹ്മദുള്ള, മെഹ്ദി ഹസൻ, തൗഹീദ് ഹൃദോയ് എന്നിവരെയാണു കമ്മിൻസ് അടുത്തടുത്ത പന്തുകളിൽ പുറത്താക്കിയത്. ബ്രെറ്റ് ലീ, കുർട്ടിസ് കാംഫർ, വാനിന്ദു ഹസരംഗ, കാഗിസോ റബാഡ, കാർത്തിക്ക് മെയ്യപ്പൻ, ജോഷ് ലിറ്റിൽ എന്നിവരാണു കമ്മിൻസിനു മുമ്പ് ടി20 ഹാട്രിക്ക് കുറിച്ചവർ.

ലസിത് മലിംഗ, ടിം സൗത്തി, മാർക് പാവ്ലോവിച്, വസിം അബ്ബാസ് എന്നിവരാണു കമ്മിൻസ് മുൻപ് ടി20 യിൽ രണ്ടുവട്ടം ഹാട്രിക്ക് കുറിച്ചത്. ഓസീസ് താരങ്ങളായ ബ്രെറ്റ് ലീ, ആഷ്ടൺ ആഗർ, നഥാൻ എല്ലിസ് എന്നിവരും ടി20 യിൽ ഹാട്രിക്കടിച്ചു. രാജ്യാന്തര ക്രിക്കറ്റിൽ തുടരെ രണ്ട് ഹാട്രിക്കടിച്ചവരിൽ രണ്ടാമനാണു കമ്മിൻസ്. 1999 ൽ ശ്രീലങ്കയ്ക്കെതിരേ നടന്ന ടെസ്റ്റിൽ വാസിം അക്രമും ഹാട്രിക്ക് വിക്കറ്റെടുത്തു.

# ഇംഗ്ലണ്ടിന് ജയം

**ബ്രിഡ്ജ്ടൗൺ (ബാർബഡോസ്):** യു.എസിനെതിരായ ടി20 ക്രിക്കറ്റ് ലോകകപ്പ് ഗ്രൂപ്പ് 2 മത്സരത്തിൽ ഇംഗ്ലണ്ടിന് ജയം. സെമി ഇംഗ്ലണ്ട് ഉറപ്പിച്ചു. പേസർ ക്രിസ് ജോർദാന് ഹാട്രിക്ക് വിക്കറ്റ്.

ജോർദാൻ എറിഞ്ഞ 19–ാം ഓവറിൽ നാല് വിക്കറ്റുകളാണ് വീണത്. ആദ്യ പന്തിൽ കോറി ആൻഡേഴ്സൺ (28 പന്തിൽ 29) ഹാരി ബ്രൂകിന്റെ കൈയിലെത്തി. മൂന്നാമത്തെ പന്തിൽ അലി ഖാൻ (0) ബൗൾഡ്, നോസ്തുഷ് കെൻജിഗെ (0) നേരിട്ട ആദ്യ പന്തിൽ തന്നെ വിക്കറ്റിനു മുന്നിൽ കുടുങ്ങി. അഞ്ചാം പന്തിൽ സൗരവ് നേത്രാവൽകറും (0) ബൗൾഡ്. ഈ ലോകകപ്പിലെ മൂന്നാമത്തെ ഹാട്രിക്കാണിത്. 2.5 ഓവറിൽ 10 റൺ വഴങ്ങിയ ജോർദാൻ നാല് വിക്കറ്റെടുത്തു. ആറ് പന്തിനിടെ അഞ്ച് വിക്കറ്റ് നഷ്ടപ്പെട്ട യു.എസ്.എ. 115 റണ്ണിന് ഓൾഔട്ടായി. ടോസ് നേടിയ ഇംഗ്ലണ്ട് നായകൻ ജോസ് ബട്ട്ലർ യു.എസിനെ ആദ്യം ബാറ്റ് ചെയ്യാൻ വിട്ടു. ആൻഡ്രിസ് ഗൗസ് (അഞ്ച് പന്തിൽ എട്ട്) റീസ് ടോപ്ലെ എറിഞ്ഞ ആദ്യ ഓവറിൽ തന്നെ മടങ്ങി. സ്റ്റീവൻ ടെയ്‌ലറിനെ (13 പന്തിൽ 12) സാം കുറാൻ മൊയീൻ അലിയുടെ കൈയിലെത്തിച്ചു.

നിതീഷ് കുമാർ (24 പന്തിൽ രണ്ട് സിക്സറും ഒരു ഫോറുമടക്കം 30), കോറി ആൻഡേഴ്സൺ (28 പന്തിൽ ഒരു സിക്സറടക്കം 29), ഹർമീത് സിങ് (17 പന്തിൽ ഒരു സിക്സറും രണ്ട് ഫോറുമടക്കം 21) എന്നിവരാണ് യു.എസിനെ നൂറ് കടത്തിയത്. നായകൻ ആരോൺ ജോൺസ് (10), മിലിന്ദ് കുമാർ (നാല്) തുടങ്ങിയ താരങ്ങൾ നിരാശപ്പെടുത്തി.

**ടി20 ലോകകപ്പിൽ**
**വെസ്റ്റിൻഡീസ് - ദക്ഷിണാഫ്രിക്ക**
**രാവിലെ ആറുമുതൽ**
**ഇന്ത്യ - ഓസ്ട്രേലിയ**
**രാത്രി എട്ടു മുതൽ**
**സ്റ്റാർ സ്പോർട്സ് 1, സ്റ്റാർ സ്പോർട്സ് 3 ചാനലുകളിലും ഹോട്സ്റ്റാറിലും**

**യൂറോ കപ്പിൽ**
**അൽബേനിയ - സ്പെയിൻ**
അർധ രാത്രി 12.30 മുതൽ
**ക്രൊയേഷ്യ - ഇറ്റലി**
അർധ രാത്രി 12.30 മുതൽ
**ക്രൊയേഷ്യ - ഇറ്റലി**
അർധ രാത്രി 12.30 മുതൽ
**സോണി സ്പോർട്സ് ടെൻ 2, എച്ച്.ഡി. സോണി സ്പോർട്സ് ടെൻ 3, എച്ച്.ഡി. സോണി സ്പോർട്സ് ടെൻ 4, എച്ച്.ഡി. സോണി ലിവിലും**

**കോപ്പാ അമേരിക്കയിൽ**
**യുറുഗ്വേ - പാനമ**
പുലർച്ചെ 6.30 മുതൽ
**കൊളംബിയ - പരാഗ്വേ**
(ചൊവ്വ) പുലർച്ചെ 3.30 മുതൽ
**ഫാൻകോഡിൽ**

# സൂപ്പർ പോരാട്ടം

**ഗ്രോസ് ഐസ്‌ലറ്റ്:** ഓസ്ട്രേലിയയും ഇന്ത്യയും തമ്മിലുള്ള ടി20 ക്രിക്കറ്റ് ലോകകപ്പിലെ സൂപ്പർ എട്ട് മത്സരം ഇന്നു നടക്കും. ഗ്രൂപ്പ് വണ്ണിലെ രണ്ട് മത്സരങ്ങളും ജയിച്ച ഇന്ത്യ നാല് പോയിന്റുമായി ഒന്നാം സ്ഥാനത്താണ്.

അഫ്ഗാനിസ്ഥാനോടു തോറ്റ ഓസ്ട്രേലിയ രണ്ട് പോയിന്റുമായി പിന്നാലെയുണ്ട്. അത്രയും പോയിന്റുള്ള അഫ്ഗാൻ മൂന്നാം സ്ഥാനത്താണ്. മികച്ച റൺറേറ്റാണ് ഓസീസിന് നേട്ടമായത്. രണ്ടു മത്സരങ്ങളും തോറ്റ ബംഗ്ലാദേശിന് ഇനി പ്രതീക്ഷിക്കാനില്ല. അഫ്ഗാന്റെ ജയം ഇന്ത്യൻ ടീമിന്റെ സെമി ഫൈനൽ പ്രവേശനത്തിനു വെല്ലുവിളിയായി. ഓസീസിനെതിരേ ഇന്നു ജയിക്കാനായില്ലെങ്കിൽ ഇന്ത്യക്ക് മറ്റു മത്സരഫലങ്ങളെ ആശ്രയിക്കേണ്ടിവരും. അഫ്ഗാനെതിരേ ജയിച്ചിരുന്നെങ്കിൽ ഗ്രൂപ്പ് ഒന്നിൽനിന്ന് ഇന്ത്യയും ഓസീസും സെമിയിൽ കടക്കുമായിരുന്നു.

ഓസീസിനെ തോൽപ്പിച്ചാൽ ഇന്ത്യ സമ്പൂർണ ജയവുമായി സെമിയിലേക്ക് മുന്നേറും. തോൽക്കുന്ന പക്ഷം ഇന്ത്യക്കും ഓസീസിനും മൂന്ന് മത്സരങ്ങളിൽ നിന്ന് നാല് പോയിന്റാകും. ഓസീസ് മികച്ച ജയം നേടിയാൽ നെറ്റ് റൺറേറ്റിൽ ഇന്ത്യയെ മറികടന്ന് പട്ടികയിൽ നിന്ന് ഒന്നാം സ്ഥാനത്തോടെ സെമിയിലെത്തും. ഇന്ത്യക്കാണ് മികച്ച റൺറേറ്റെങ്കിൽ സെമി ഉറപ്പാക്കാം. ഓസീസ് റൺറേറ്റിൽ ഇന്ത്യയെ മറികടന്ന് സെമിയിലെത്തിയാലും സാധ്യതയുണ്ട്. അഫ്ഗാനും ബംഗ്ലാദേശും തമ്മിലുള്ള മത്സരത്തെ ആശ്രയിച്ചാണിത്. അഫ്ഗാനിസ്താൻ ബംഗ്ലാദേശിനെതിരേ വൻ ജയം നേടിയാൽ ഇന്ത്യയുടെ സെമി സാധ്യത മങ്ങും. മികച്ച റൺറേറ്റിൽ ബംഗ്ലാദേശ് ഇന്ത്യയെ മറികടന്ന് സെമിയിലെത്തും. നെഗറ്റീവ് റൺറേറ്റുള്ള അഫ്ഗാന് ഇന്ത്യയെ മറികടക്കുക എളുപ്പമല്ല. ഇന്ന് രാത്രി എട്ട് മുതലാണ് ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള മത്സരം. നാളെ രാവിലെ ആറ് മുതലാണ് അഫ്ഗാനും ബംഗ്ലാദേശും തമ്മിലുള്ള ഏറ്റുമുട്ടൽ. മത്സരം നടക്കുന്ന സെന്റ് ലൂസിയയിലെ പിച്ച് ബാറ്റിങ്ങിന് അനുകൂലമാണ്. പേസർമാരെക്കാൾ സ്പിന്നർമാരാണ് ഇവിടെ പിടിച്ചു നിന്നത്. ഇന്നു മഴയുണ്ടാകുമെന്നാണു കാലാവസ്ഥാ റിപ്പോർട്ട്. മഴ മൂലം കളി ഉപേക്ഷിച്ചാൽ ഇന്ത്യക്ക് സെമി ഉറപ്പിക്കാം.

ടി20 ലോകകപ്പിലെ മത്സരങ്ങളുടെ കണക്കിൽ ഇന്ത്യക്ക് ഓസീസിനു മേൽ മുൻതൂക്കമുണ്ട്. ഇതുവരെ നടന്ന അഞ്ച് മത്സരങ്ങളിൽ മൂന്നിലും ഇന്ത്യയാണു ജയിച്ചത്.

**ഇന്ത്യ (സാധ്യതാ ടീം):** രോഹിത് ശർമ (നായകൻ), വിരാട് കോഹ്‌ലി, ഋഷഭ് പന്ത്, സൂര്യകുമാർ യാദവ്, ശിവം ദുബെ, ഹാർദിക് പാണ്ഡ്യ, അക്ഷർ പട്ടേൽ, രവീന്ദ്ര ജഡേജ, അർഷദീപ് സിങ്, കുൽദീപ് യാദവ്, ജസ്പ്രീത് ബുംറ.

**ഓസ്ട്രേലിയ (സാധ്യതാ ടീം):** ട്രാവിസ് ഹെഡ്, ഡേവിഡ് വാർണർ, മിച്ചൽ മാർഷ് (നായകൻ), ഗ്ലെൻ മാക്സ്വെൽ, മാർകസ് സ്റ്റോനിസ്, ടിം ഡേവിഡ്, മാത്യു വേഡ്, പാറ്റ് കമ്മിൻസ്, മിച്ചൽ സ്റ്റാർക്/ആഷ്ടൺ ആഗർ, ആഡം സാംപ, ജോഷ് ഹാസിൽവുഡ്.

# മെക്സിക്കോയ്ക്ക് വിജയത്തുടക്കം

**ടെക്സാസ്:** കോപാ അമേരിക്ക ഫുട്ബോളിൽ മെക്സിക്കോയ്ക്ക് വിജയത്തുടക്കം. ബി ഗ്രൂപ്പ് മത്സരത്തിൽ അവർ ജമൈക്കയെ ഏകപക്ഷീയമായ ഒരു ഗോളിനു തോൽപ്പിച്ചു. ജെറാഡോ അർട്ടെഗയുടെ 69–ാം മിനിറ്റിലെ ഗോളാണ് മെക്സിക്കോയെ ജയിപ്പിച്ചത്.

ബി ഗ്രൂപ്പിൽ മെക്സിക്കോയും വെനസ്വേലയും ഒരു കളിയിൽനിന്നു മൂന്ന് പോയിന്റ് വീതം നേടി. ഇക്വഡോറും ജമൈക്കയും അക്കൗണ്ട് തുറന്നില്ല. നായകൻ എഡ്സൺ ആൽവാറസ് പരുക്കേറ്റു പുറത്തു പോയതു മെക്സിക്കോയ്ക്കു തിരിച്ചടിയായി. 30–ാം മിനിറ്റിൽ പേശീവലിവ് അനുഭവപ്പെട്ട ആൽവാറസ് മുടന്തിയാണു തിരിച്ചു കയറിയത്. ജമൈക്ക രണ്ടാം പകുതിയുടെ അഞ്ചാം മിനിറ്റിൽ മിഷേൽ അന്റോണിയോയിലൂടെ ഗോളടിച്ചിരുന്നു. ഡെക്റ്റർ ലെംബികിയുടെ ക്രോസിനെ അന്റോണിയോയുടെ ഹെഡർ മെക്സിക്കൻ വലയിൽ എത്തിച്ചെങ്കിലും ഓഫ് സൈഡ് വിളി വന്നു. വാർ പരിശോധനയ്ക്കു ശേഷമാണു ഗോൾ നിഷേധിച്ചത്.

കോപാ അമേരിക്കയിലെ ജമൈക്കയുടെ ആദ്യ ഗോളാണ് വാർ നിഷേധിച്ചത്. ജമൈക്കൻ ഗോൾ കീപ്പർ ജാഫ്മാലി വെയ്റ്റിന്റെ തകർപ്പൻ സേവുകളാണു മെക്സിക്കൻ മുന്നേറ്റങ്ങൾക്കു തടസമായത്. ജെറാഡോ അർട്ടെഗയുടെ മിന്നൽ ഷോട്ടിന് പക്ഷേ വെയ്റ്റിനു മറുപടിയുണ്ടായില്ല. താരത്തിന്റെ മെക്സിക്കോയ്ക്കു വേണ്ടിയുള്ള രണ്ടാമത്തെ മാത്രം ഗോളായിരുന്നു അത്. രണ്ടാം പകുതിയിൽ മെക്സിക്കൻ ടീം നാല് മിനിറ്റ് വൈകിയാണു കളത്തിലിറങ്ങിയത്. അതിൽ ജമൈക്കൻ താരങ്ങൾ പ്രതിഷേധിക്കുകയും ചെയ്തു.

# വനിതകൾക്ക് സമ്പൂർണ ജയം

**ബംഗളൂരു:** ദക്ഷിണാഫ്രിക്കൻ വനിതകൾക്കെതിരേ നടന്ന ഏകദിന ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യക്ക് സമ്പൂർണ ജയം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന അവസാനത്തേതും മൂന്നാമത്തേതുമായ മത്സരത്തിൽ ആറ് വിക്കറ്റിനാണ് ഇന്ത്യ ജയിച്ചത്.

ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക എട്ട് വിക്കറ്റിന് 215 റണ്ണെടുത്തു. മറുപടി ബാറ്റ് ചെയ്ത ഇന്ത്യൻ വനിതകൾ 41 –ാം ഓവറിൽ ലക്ഷ്യം കണ്ടു. ഓപ്പണർ സ്മൃതി മന്ദാനയുടെ വെടിക്കെട്ടും (83 പന്തിൽ 90) നായിക ഹർമൻപ്രീത് കൗറിന്റെ (48 പന്തിൽ 42) അവസരോചിത ബാറ്റിങ്ങും ജയത്തിന് അടിസ്ഥാനമായി. ഓപ്പണർ ഷഫാലി വർമ (39 പന്തിൽ 25), പ്രിയാ പൂനിയ (40 പന്തിൽ 28), ജെമീമ റോഡ്രിഗസ് (31 പന്തിൽ പുറത്താകാതെ 19) എന്നിവരും മികച്ച ബാറ്റിങ് പുറത്തെടുത്തു.

നായികയും ഓപ്പണറുമായ ലോറ വോൾവാറാത് (57 പന്തിൽ 61), ഓപ്പണർ ടാസ്മിൻ ബ്രിറ്റ്സ് (66 പന്തിൽ ഒരു സിക്സറും രണ്ട് ഫോറുമടക്കം 38), നാദിന ഡി ക്ലർക്ക് (26), മികെ ഡി റൈഡർ (31 പന്തിൽ പുറത്താകാതെ 26) എന്നിവരാണു ദക്ഷിണാഫ്രിക്കയെ 200 കടത്തിയത്.

ഇന്ത്യക്കായി അരുന്ധതി റെഡ്ഡി, ദീപ്തി ശർമ എന്നിവർ രണ്ട് വിക്കറ്റ് വീതമെടുത്തു.

ദീപ്തി ശർമ മത്സരത്തിലെയും സ്മൃതി മന്ദാന പരമ്പരയിലെയും താരമായി. വെള്ളിയാഴ്ച ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള ടെസ്റ്റ് മത്സരം തുടങ്ങും.

# ചെക്കിന് ജോർജിയൻ ചെക്ക്

**ഹാംബർഗ്:** യൂറോ കപ്പ് ഫുട്ബോളിലെ എഫ് ഗ്രൂപ്പ് മത്സരത്തിൽ ചെക്ക് റിപ്പബ്ലിക്കും ജോർജിയും സമനിലയിൽ പിരിഞ്ഞു. ഹാംബർഗിലെ ഫോക്സ്‌വാഗൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ വീതം അടിച്ചു. സമനില രണ്ട് ടീമുകളുടെയും കാർട്ടർ പ്രതീക്ഷകൾക്ക് തിരിച്ചടിയായി. ഒന്നാം പകുതിയുടെ ഇഞ്ചുറി ടൈമിൽപയോർഗസ് മികോടാഡ്സെ പെനാൽറ്റി ഗോളാക്കി ജോർജിയയെ മുന്നിലെത്തിച്ചു. ഹാൻഡ് ബോളിന് ലഭിച്ച പെനാൽറ്റിയാണു ഗോളായത്.

രണ്ടാം പകുതിയിൽ ചെക്ക് റിപ്പബ്ലിക് കൂടുതൽ ആക്രമിച്ചു കളിച്ചു. അവർ നിരവധി അവസരങ്ങൾ സൃഷ്ടിച്ചു. 59–ാം മിനിറ്റിൽ പാട്രിക് ഷിക്കിലൂടെ ചെക്ക് സമനില നേടി. ഗോളിന് ശേഷവും കൂടുതൽ ആക്രമിച്ചു കളിച്ചത് ചെക്ക് റിപ്പബ്ലിക് ആയിരുന്നു. രണ്ടു മത്സരങ്ങൾ കഴിഞ്ഞപ്പോൾ ചെക്ക് റിപ്പബ്ലിക്കിനും ജോർജിയക്കും ഒരു പോയിന്റു വീതമാണ്. ആറ് പോയിന്റുമായി പോർചുഗൽ ഒന്നാം സ്ഥാനത്തുണ്ട്. മൂന്ന് പോയിന്റുള്ള തുർക്കിയാണു രണ്ടാമത്.

# തിരിച്ചുവരവ്

**കൊളോൺ (ജർമനി):** യൂറോ കപ്പ് ഫുട്ബോൾ ഇ ഗ്രൂപ്പിൽ റൊമാനിയയെ 2–0 ത്തിനു തോൽപ്പിച്ച് ബെൽജിയം തിരിച്ചു വന്നു. ആത്സരത്തിൽ സ്ലോവാക്യയോടു തോറ്റ ബെൽജിയത്തിന് ജയത്തിൽ കുറഞ്ഞ ലക്ഷ്യമില്ലായിരുന്നു.

ബെൽജിയം ജയിച്ചതോടെ ഗ്രൂപ്പിലെ നാലു ടീമുകളും മൂന്ന് പോയിന്റ് വീതം നേടി നിൽക്കുകയാണ്. കളി തുടങ്ങി രണ്ടാം മിനിറ്റിൽ ബെൽജിയം ലീഡ് നേടി. യൂറി ടെയ്‌ലമെൻസാണ് 75–ാം സെക്കൻഡിൽ പന്ത് ലക്ഷ്യത്തിലെത്തിച്ചത്. റൊമേലു ലുകാകുവിന്റെ അസിസ്റ്റിലായിരുന്നു ഗോൾ. ഒന്നാം പകുതിയിൽ ഈ ലീഡ് നില തുടർന്നു. രണ്ടാം പകുതിയിൽ ലുകാകുവിലൂടെ ബെൽജിയം രണ്ടാം ഗോൾ നേടിയെങ്കിലും വാർ ഗോൾ നിഷേധിച്ചു. 80–ാം മിനിറ്റിൽ കെവിൻ ഡി ബ്രുയിന്റെ ഗോൾ ബെൽജിയത്തിന് രണ്ടാം ഗോളും ജയവും ഉറപ്പാക്കി.

റൊമാനിയൻ ഗോൾ കീപ്പർ ഫ്ളേറിൻ നിതയുടെ സേവുകളാണ് ബെൽജിയം ഗോൾ മാർജിൻ രണ്ടിലൊതുക്കിയത്. ഡി ബ്രുയിനും ലുകാകുവും നടത്തിയ തുടരൻ ആക്രമണങ്ങൾ റൊമാനിയയെ വിറപ്പിച്ചു. അതിനിടെയാണു ലുകാകുവിന്റെ ഒരു ഗോൾ നിഷേധിച്ചത്. സ്ലോവാക്യക്കെതിരേ താരത്തിന്റെ രണ്ട് ഗോളുകളാണു വാർ നിഷേധിച്ചത്. അവസാന സ്ഥാനത്തായിരുന്ന ബെൽജിയം ജയത്തോടെ രണ്ടാം സ്ഥാനത്തായി.

രണ്ട് മത്സരങ്ങൾ കഴിഞ്ഞപ്പോൾ ഗ്രൂപ്പിൽ ബെൽജിയം, റൊമാനിയ, സ്ലോവാക്യ, യുക്രൈൻ ടീമുകൾക്കും മൂന്ന് പോയിന്റാണ്. ഗ്രൂപ്പിലെ അവസാന മത്സരത്തിൽ ബെൽജിയം യുക്രൈനെയും സ്ലോവാക്യ റൊമാനിയയെയും നേരിടും. സ്ലോവാക്യയെ യുക്രൈൻ 2–1 നു തോൽപ്പിച്ചിരുന്നു. റൊമാനിയ ആദ്യ മത്സരത്തിൽ യുക്രൈയിനെ 3–0 ത്തിനാണു തോൽപ്പിച്ചത്. ഡോർട്ട്മുണ്ടിലെ ബി.വി.ബി. സ്റ്റേഡിയത്തിൽ നടന്ന എഫ് ഗ്രൂപ്പ് മത്സരത്തിൽ പോർചുഗൽ തുർക്കിയെ 3–0 ത്തിനു തോൽപ്പിച്ചു. ജയത്തോടെ പോർചുഗൽ പ്രീ ക്വാർട്ടർ ഉറപ്പിച്ചു. ആദ്യ മത്സരത്തിൽ പോർചുഗൽ ചെക്ക് റിപ്പബ്ലിക്കിനെ തോൽപ്പിച്ചിരുന്നു. ബെർണാഡോ സിൽവ, ബ്രൂണോ ഫെർണാണ്ടസ് എന്നിവരാണു പോർചുഗലിനായി ഗോളടിച്ചത്. തുർക്കിയുടെ സാമെത് അകായ്ദിന്റെ സെൽഫ് ഗോളും മത്സരത്തിൽ പിറന്നു. തുടക്കം മുതൽ വ്യക്തമായ ആധിപത്യം പുലർത്തിയാണ് പോർചുഗൽ ജയിച്ചത്.

സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ ഒരു അസിസ്റ്റുമായി മികച്ച പ്രകടനം പുറത്തെടുത്തു. 21–ാം മിനിറ്റിൽ ഇടതുഭാഗത്തുനിന്ന് നുനോ മെൻഡസ് നൽകിയ പാസ് ലക്ഷത്തിൽ എത്തിച്ച് ബർണാഡോ സിൽവയാണ് പോർചുഗലിന് ലീഡ് നൽകിയത്. 28–ാം മിനിറ്റിൽ സെൽഫ് ഗോളെത്തി. ഈ ടൂർണമെന്റിലെ ആറാമത്തെ സെൽഫ് ഗോളാണിത്.

## പൊതുവൃത്താന്തം

# 'നീറ്റ്' ഏറ്റെടുത്ത് സി.ബി.ഐ; ഗൂഢാലോചന അന്വേഷിക്കും

**ന്യൂഡൽഹി:** മെഡിക്കൽ ബിരുദ പ്രവേശന പരീക്ഷയായ 'നീറ്റി'ലെ ചോദ്യചോർച്ചയുമായി ബന്ധപ്പെട്ടു കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ പരാതിയിൽ അന്വേഷണം ഏറ്റെടുത്ത സി.ബി.ഐ. പുതിയ കേസ് രജിസ്റ്റർ ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ അറസ്റ്റിലായവരെ കസ്റ്റഡിയിൽ വാങ്ങുമെന്നും സി.ബി.ഐ. അറിയിച്ചു.

പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾക്കു പിന്നിൽ വലിയ ഗൂഢാലോചനയുണ്ടോയെന്നും പൊതുപ്രവർത്തകർക്ക് ഇതിൽ പങ്കുണ്ടോയെന്ന് അന്വേഷിക്കണമെന്നുമാണ് മന്ത്രാലയം സി.ബി.ഐയോട് ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനിടെ, ബിഹാറിൽ മാത്രമല്ല ചോദ്യക്കടലാസ് ചോർന്നതെന്നു സംശയിക്കുന്നു. മഹാരാഷ്ട്രയിൽ രണ്ട് അധ്യാപകരെ പോലീസ് ചോദ്യംചെയ്തു. ജില്ലാ പരിഷത്ത് സ്കൂളുകളിലെ അധ്യാപകരായ സഞ്ജയ് തുക്കാറാം ജാദവ്, ജലീൽ ഉമർ ഖാൻ പത്താൻ എന്നിവരെയാണ് നീറ്റ് ചോദ്യചോർച്ചയിൽ പങ്കുണ്ടെന്ന സംശയത്തിൽ നാന്ദേഡ് തീവ്രവാദ വിരുദ്ധ സ്കാഡ് പിടികൂടിയത്. ഇവർ ലാത്തൂരിൽ സഹകാര്യ കോച്ചിങ് സെന്ററുകളും നടത്തുന്നുണ്ട്.

പരീക്ഷയുടെ തലേന്ന് ചോദ്യക്കടലാസ് ചോർന്നുകിട്ടിയെന്നു ബിഹാറിൽ അറസ്റ്റിലായ നാലുപേർ സമ്മതിച്ചിരുന്നു. ചോദ്യംചോർത്തുകയും ആൾമാറാട്ടത്തിലൂടെ പരീക്ഷ എഴുതാൻ വ്യാജൻമാരെ നൽകുകയും ചെയ്യുന്ന സംഘങ്ങളുടെ പങ്കാണ് പോലീസ് ഇപ്പോൾ അന്വേഷിക്കുന്നത്.

- **പുനഃപരീക്ഷയെഴുതിയത് 813 പേർ**
- **63 വിദ്യാർഥികളെ ഡീബാർ ചെയ്തു**

അതിനിടെ, ഗ്രേസ് മാർക്ക് ലഭിച്ച 1563 പേർക്ക് ഇന്നലെ വീണ്ടും പരീക്ഷ നടത്